# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *365

24.06.2019-ൽ മറുപടിയ്ക്ക്.

## ഇതര സംസ്ഥാന പാലിന്റെ ഗുണനിലവാരം

**ചോദ്യം**

**ശ്രീ.സി.മമ്മൂട്ടി**
**ശ്രീ.കെ.എം.ഷാജി**
**ശ്രീ.പാറക്കൽ അബ്ദുല്ല**

**ഉത്തരം**

**ശ്രീ.കെ.രാജു**
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിതരണത്തിനായി കൊണ്ടുവരുന്ന പാലിൽ കൊഴുപ്പ്, രുചി എന്നിവ ലഭിക്കുന്നതിനായി ആന്റിബയോട്ടിക്കുകളും മറ്റ് ചില രാസപദാർത്ഥങ്ങളും ചേർക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 ജനുവരി മുതൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനയ്ക്കായി ശേഖരിച്ച 283 സാമ്പിളുകളിൽ ശ്രീലക്ഷ്മി, കൊല്ലം എന്ന ബ്രാൻഡ് പാലിൽ മാത്രം Maltodextrin എന്ന രാസപദാർത്ഥത്തിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇവ പരിശോധിക്കുന്നതിനുള്ള ചെക്ക് പോസ്റ്റുകൾ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്നറിയിക്കുമോ; കൂടുതൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) സംസ്ഥാനത്ത് മീനാക്ഷിപുരം (പാലക്കാട്) ആര്യങ്കാവ് (കൊല്ലം) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക്പോസ്റ്റ് പ്രവർത്തിച്ച് വരുന്നു. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ പാൽ പരിശോധന ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഓണം തുടങ്ങിയ ആഘോഷവേളയിൽ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തുന്നുണ്ട്.

(സി) ഇത്തരത്തിൽ പാലിൽ മായം കലർത്തുന്നവരെ നിയന്ത്രിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

(സി) സംസ്ഥാനത്തൊട്ടാകെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. ഉൽസവ വേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ടെസ്റ്റിംഗ് ലാബുകളും ചെക്ക് പോസ്റ്റുകളിൽ പരിശോധനകൾ നടത്തുന്നുണ്ട്.

പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ / അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

2018 ജനുവരി മുതൽ പരിശോധനയ്ക്കായി ശേഖരിച്ച 283 സാമ്പിളുകളിൽ 7 എണ്ണം ഗുണനിലവാരമില്ലാത്ത-താണെന്ന് കണ്ടെത്തിയതിനാൽ ഇവയ്ക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടിയും ശ്രീലക്ഷ്മി, കൊല്ലം എന്ന ബ്രാൻഡ് പാലിൽ ലാബ് പരിശോധനയിൽ Maltodextrin എന്ന രാസപദാർത്ഥത്തിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതിനാൽ പ്രോസിക്യൂഷൻ നടപടിയും ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ